# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2610** **17.10.2016-ൽ മറുപടിക്ക്**

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

**ചോദ്യം**

**ഡോ.എൻ.ജയരാജ്**

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എന്നത്തേക്ക് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ വകുപ്പുകളെയാണ് പ്രസ്തുത സർവ്വീസിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**(എ)യും(ബി) യും**

24/09/2013 ലെ ജി.ഒ(ആർ.ടി) 7725/2013/ജിഎഡി, 16/08/2014 ലെ ജി.ഒ(എം.എസ്) 228/2014/ജിഎഡി, 05/01/2015 ലെ ജി.ഒ(എം.എസ്) 1/2015/ജിഎഡി എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് 18 വകുപ്പുകളെ ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. പ്രസ്തുത വകുപ്പുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതുകൂടാതെ ഈ സർക്കാർ അധികാരമേറ്റ ശേഷം ആഭ്യന്തര വിജിലൻസ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായിട്ടുള്ള സെക്രട്ടറിമാരുടെ ഒരു കമ്മിറ്റി 16/08/2016 ലെ ജി.ഒ(ആർ.ടി) 322/2016/പി&എ.ആർ.ഡി ഉത്തരവുപ്രകാരം രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി 30/08/2016 ൽ ആദ്യയോഗം ചേരുകയുമുണ്ടായി. ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുടെ അഭിപ്രായ സ്വരൂപണത്തിനായി 2016 ഒക്ടോബർ 15 വരെ സമയം അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

## List of Departments that may be included in the Kerala Administrative Service

1. Agriculture Department
2. Sales Tax
3. Civil supplies
4. Co-operation
5. Industries
6. Labour
7. Land Revenue
8. Municipal Administration
9. Panchayat
10. Registration
11. Rural Development
12. Scheduled class development
13. Scheduled Tribe Development
14. Social Justice
15. Survey &Land Records
16. Tourism
17. Treasuries
18. General Education (DPI)

Jeni K